**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഐ.പി. ചികിൽസാ സൗകര്യം ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരസഭയുടെ പരിധിയിൽ വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിൽസാ സൗകര്യം ഇല്ലാത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റിയിട്ടുള്ള സ്ഥാപനമാണ് കോട്ടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. നിലവിലെ മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ പി സേവനം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു.എം.എൽ.എ സമർപ്പിച്ച നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ